**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1258** **07-02-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ മണ്ഡലത്തിൽ കിഫ്ബി വഴിയുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ മണ്ഡലത്തിൽ നിലവിൽ കിഫ്ബി വഴി പ്രവൃത്തി നടത്തുന്ന റോഡ്, പാലം എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ കിഫ്ബി വഴി എത്ര പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് വിശദമാക്കാമോ? | (ബി) | കെ.ആർ.എഫ്.ബി. മുഖേന നടപ്പിലാക്കുന്ന 3 പ്രവൃത്തികളും, RBDCK നടപ്പിലാക്കുന്ന 2 പ്രവൃത്തികളും, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന എന്ന ഒരു പ്രവൃത്തിയുമുൾപ്പെടെ 6 പ്രവൃത്തികളാണ് കിഫ്ബി വഴി നടപ്പിലാക്കി വരുന്നത് |

സെക്ഷൻ ഓഫീസർ

1258

# അനുബന്ധം

## കെ.ആർ.എഫ്.ബി. – പി.എം.യു മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ

### 1. താഴെ ചൊവ്വ റെയിൽവേഗേറ്റ് സ്പിന്നിങ്ങ്മിൽ റോഡ്

പ്രസ്തുത പ്രവൃത്തിക്ക് 10/07/2017 - ൽ 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും 20.03.2022 –ന് 23.49 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാവുകയും ചെയ്തു. സ്ഥലമേറ്റെടുപ്പിനായുള്ള റവന്യൂ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിനായുള്ള 6(1) വിജ്ഞാപനം 27.08.2022 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. സ്ഥലമേറ്റെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### 2.മാഹി –പയ്യാമ്പലം തീരദേശ ഹൈവേ (ഒരു റീച്ച്)

എടക്കാട് പാലം മുതൽ പയ്യാമ്പലം വരെയുള്ള 7 കി.മീ. ഭാഗമാണ് കണ്ണൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്നത്. പ്രസ്തുത ഭാഗത്തെ ഡി.പി.ആർ. ബാംഗ്ലൂർ ആസ്ഥാനമായ iDeCK, എന്ന കൺസൽട്ടൻസി തയ്യാറാക്കിവരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള LA Plan ഇതിനോടകം തയ്യാറാക്കുകയും സാമ്പത്തിക അനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. LA Plan പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായുള്ള 6(1) നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്ത് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പ്രാരംഭ ഘട്ടത്തിലാണ്.

### 3.മയ്യിൽ കാഞ്ഞിരോട്

പ്രസ്തുത പ്രവൃത്തിക്ക് 01/11/2016–ൽ 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും 17/01/2018 ന് 24.55 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കുകയും, തുടർന്ന് സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്യുകയും ചെയ്തു. 22.06.2018 ന് ഇരിക്കൂർ കൺസ്ട്രക്ഷൻ കമ്പനിയുമായി 19.9 കോടി രൂപയുടെ കരാറിലേർപ്പെട്ടു. 30.03.2022 ന് പ്രവൃത്തി പൂർത്തീകരിച്ച് പൊതുഗതാഗതത്തിന് തുറന്ന് കൊടുത്തു.

## RBDCK മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ

### 1. മേലേചൊവ്വ അണ്ടർപാസ്

20.12.2021 ന് പദ്ധതിക്കാവശ്യമായ മുഴുവൻ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി പദ്ധതിബാദ്ധ്യത പ്രദേശത്തുള്ള കെട്ടിടങ്ങൾ പൊളിച്ച് മാറ്റുന്ന പ്രവൃത്തി പുരോഗമിച്ചു വരികയാണ്.

### 2. തെക്കി ബസാർ ഫ്ലൈഓവർ

പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബാധിതർക്ക് അനുവദനീയമായ നഷ്ടപരിഹാരം നേരിട്ടും കോടതി മുഖാന്തരവും കൈമാറ്റം ചെയ്തിട്ടുണ്ട്. ഭൂമി കൈവശത്തിലെടുക്കുന്ന നടപടി പുരോഗമിച്ചു വരുന്നു.